ക. രജിസ്റ്റർ കച്ചേരിയിൽ രജിസ്റ്റർ ആക്കാൻ ഹാജരാക്കുന്ന പ്രമാണങ്ങളുടെ ശരിപ്പകർപ്പുകൂടി കക്ഷികൾ തന്നെ എഴുതി ഹാജരാക്കുന്ന നടപ്പ് മുമ്പ് കാലത്ത് ഉണ്ടായിരുന്നോ ?

ഖ. ഉണ്ടായിരുന്നു എങ്കിൽ അതു് നിറുത്തുന്നതിന് ഇടയായതു് എന്തു കാരണത്താലാണ് ?

HON'BLE MR. T. M. VARGHESE :

a. Yes.

b. The practice was abolished with a view to save expenditure and trouble to the public and to facilitate the work of the Registration offices.

പെട്രോൾ റേഷൻ.

61. MR. P. NAOO (*Chiryinkil II—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ ?

ക. കരിഞ്ചന്തയിൽ പെട്രോൾ വില്പന നടക്കുന്നുണ്ടെന്നുള്ള വിവരം ഗവൺമെൻറിനറിയാമോ ?

ഖ. ഗവണ്മെൻറിന്റെ റേഷൻഅധികാരത്തിൽപ്പെട്ട പെട്രോളും കരിഞ്ചന്ത വില്പനയ്ക്കു പോകുന്നുണ്ടോ ?

ഗ. പുല്ല്, തടി, വിറകു്, ഓല മുതലായ സാമാനങ്ങൾ കയറ്റി ഇറക്കുന്നതിനും ഗവൺമെൻറിൽനിന്നും പെട്രോൾ നൽകുന്ന ലോറികൾ ഉപയോഗിക്കുന്നുണ്ടോ ?

HON'BLE MR. A THANU PILLAI:

1. Government are not aware.

2. This question does not arise in view of answer to 1.

3. Perhaps they are being used. When petrol is sanctioned for lorries, its use is not restricted to the transport of any particular commodity.

LIBRARY ARCHIVES Kerala Legislative Assembly